ബാലരാമപുരത്ത് 33 കെ.വി. സബ് സ്റ്റേഷൻ സ്ഥാപിക്കാനുള്ള നടപടി

111 (278) ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം നിയോജക മണ്ഡലത്തിൽ ബാലരാമപുരത്ത് 33 കെ.വി. സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന്റെ നടപടികൾ ഏതുവരെയായി;

(ബി) ഈ സബ് സ്റ്റേഷന്റെ പ്രാരംഭ പ്രവർത്തനങ്ങൾ നടത്തുന്നതിൽ പോലും മന:പൂർവ്വം കാലതാമസം വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ സബ് സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട ഏതെങ്കിലും ഉദ്യോഗസ്ഥർക്ക് മറ്റെന്തെങ്കിലും അധികചുമതല നൽകി മാറ്റി നിറുത്തിയിട്ടുണ്ടോ;

(ഡി) എത്രയും വേഗം ഈ സബ് സ്റ്റേഷന്റെ നിർമ്മാണം ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) പൊതുമേഖലാ സ്ഥാപനമായ ട്രിവാൻഡ്രം സ്പിന്നിംഗ് മില്ലിന്റെ കോമ്പൗണ്ടിൽ ഒരു ഏക്കർ സ്ഥലം കണ്ടെത്തുകയും, വ്യവസായ വകുപ്പിന്റെ അനുമതിയോടുകൂടി മാർക്കറ്റ് റേറ്റിന് വസ്തു ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ടേൺ കീ അടിസ്ഥാനത്തിൽ നിർമ്മിക്കുവാൻ നിശ്ചയിച്ചിട്ടുള്ള 33 കെ.വി. ശൃംഖലയുടെ അടങ്കൽ തയ്യാറാക്കൽ അവസാന ഘട്ടത്തിലാണ്. തിരുവനന്തപുരം ജില്ലയിലെ പദ്ധതികളെല്ലാം കൂടി മൊത്തമായി ടേൺ കീ അടിസ്ഥാനത്തിൽ കരാർ കൊടുക്കേണ്ടതുകൊണ്ടാണ് കാലതാമസം വരുന്നത്.

(സി) ഇല്ല.

(ഡി) ദർഘാസ് വിളിക്കാനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നു കൊണ്ടിരിക്കുന്നു.

ബ്രഹ്മപുരം, കോഴിക്കോട് നിലയങ്ങളിലെ വൈദ്യുതി

112 (279) ശ്രീ. എം. മുരളി:
ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബ്രഹ്മപുരം, കോഴിക്കോട് നിലയങ്ങളിൽ നിന്നും ഉല്പാദനം ആരംഭിച്ചതു മുതൽ 31-1-2000 വരെ എത്ര യൂണിറ്റ് വൈദ്യുതി ഓരോ നിലയത്തിൽ നിന്നും ഉല്പാദിപ്പിച്ചു;

(ബി) ഈ നിലയങ്ങളിൽ പ്രസ്തുത കാലയളവിലെ വൈദ്യുതി ഉല്പാദനത്തിന് എത്ര തൂക്കയുടെ ഇന്ധനം ഉപയോഗിച്ചു;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ നിലങ്ങളിൽ കെ.എസ്.ഇബി.യുടെ എത്ര ഉദ്യോഗസ്ഥൻമാരെ നിയമിച്ചിട്ടുണ്ട് ;

(ഡി) ഇവരുടെ തസ്തിക, ശമ്പളം എന്നിവ ഇനം തിരിച്ച് വിശദമാക്കാമോ ?

ഉത്തരം

(എ) 31-1-2000 വരെ ബ്രഹ്മപുരം നിലയത്തിൽ നിന്ന് 669.64 മില്യൻ യൂണിറ്റും കോഴിക്കോട് നിലയത്തിൽ 70.84 മില്യൻ യൂണിറ്റും വൈദ്യുതി ഉല്പാദിപ്പിച്ചിട്ടുണ്ട്.

(ബി) 31-1-2000 വരെ ബ്രഹ്മപുരം നിലയത്തിൽ 125.766 കോടി രൂപയുടെ ഇന്ധനവും കോഴിക്കോട് നിലയത്തിൽ 19.597 കോടി രൂപയുടെ ഇന്ധനവും ഉപയോഗിച്ചിട്ടുണ്ട്.

(സി) & (ഡി) ബ്രഹ്മപുരം, കോഴിക്കോട് നിലയങ്ങളിലുള്ള കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡ് ഉദ്യോഗസ്ഥൻമാരെ സംബന്ധിക്കുന്ന വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

കുറവിലങ്ങാട്ടെ 66 കെ.വി. സബ് സ്റ്റേഷന്റെ നിർമ്മാണം

113 (281) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ കുറവിലങ്ങാട് 66 കെ.വി. സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ ഏതു ഘട്ടത്തിലാണ് ;

(ബി) ഈ പ്രോജക്ടിന് ഭരണാനുമതി നൽകിയിട്ടുണ്ടോ ;

(സി) എങ്കിൽ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ ;

(ഡി) സബ് സ്റ്റേഷനുവേണ്ടി സ്ഥലമെടുക്കുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണ് ;

(ഇ) സബ് സ്റ്റേഷൻ ആരംഭിക്കുന്നതിനായി എന്തെല്ലാം നടപടി ക്രമങ്ങളാണ് ബാക്കിയുള്ളത് ;

(എഫ്) നടപടിക്രമങ്ങൾ പൂർത്തിയാക്കി കുറവിലങ്ങാട് സബ് സ്റ്റേഷന്റെ പണി എന്നത്തേയ്ക്ക് ആരംഭിക്കുവാൻ സാധിക്കും ;

(ജി) സബ് സ്റ്റേഷന്റെ പണി അടിയന്തിരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

---

† അനുബന്ധംXVII

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)	(5)
S.L തിയേറ്റർ	89573	82258	85847	80171
ശ്രീ പത്മനാഭ	70149	78943	85003	76875
കൈരളി, ശ്രീ	71546	74565	76025	72831
ശ്രീകുമാർ ശ്രീവിശാഖ്	60778	74606	68976	70380
കലാഭവൻ	34530	38942	38216	44133
ന്യൂതിയേറ്റർ	75471	73011	69977	75725
ശാന്തി	3377	3728	3466	3805
ലക്ഷ്മി	3058	2669	2342	2989
സൗമ്യ	9963	1778	1757	1627
ജനത	1536	1500	1390	1275
പട്ടം കല്പന	14715	13127	14012	13075
പേട്ട കാർത്തികേയ	3960	6069	4212	4018

അനുബന്ധം -XVII

[22-2-2000-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 112 (279) ന്റെ 'സി'&'ഡി' ഉത്തരം ദവയായി കാണുക].

ബ്രഹ്മപുരം കോഴിക്കോട് നിലയങ്ങളിലുള്ള കെഎസ്.ഇ.ബി.ഉദ്യോഗസ്ഥരുടെ പട്ടിക താഴെകൊടുക്കുന്നു.

ബ്രഹ്മപുരം നിലയം

തസ്തിക	എണ്ണം	പ്രതിമാസം	ശമ്പളം
(1)	(2)	(3)	(4)
ഓഫീസേഴ്സ്			
1. ടീം ലീഡർ ആന്റ് പ്രിൻസിപ്പാൾ പ്രോജക്ട് കോർഡിനേറ്റർ		1	17,291
2. എക്സിക്യൂട്ടീവ് എഞ്ചിനീയർ		4	68,006

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)
3.	ഫിനാൻസ് ഓഫീസർ	1	16,934
4.	സീനിയർ സൂപ്രണ്ട്	1	15,749
5.	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)	14	1,91,843
6.	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ)	3	39,883
7.	അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ)	4	37,721
8.	അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) (പ്രൊവിഷണൽ)	1	6,711
9.	അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)	25	2,39,805
	ആകെ	54	6,33,943
	വർക്ക്മെൻ		
1.	സീനിയർ അസിസ്റ്റന്റ്	6	72,582
2.	സ്റ്റെനോ (ഗ്രേഡ് II)	1	5,367
3.	എൽ.ഡി. ടൈപ്പിസ്റ്റ്	1	5,379
4.	സബ് എഞ്ചിനീയർ (ഇല:)	15	1,41,202
5.	സബ് എഞ്ചിനീയർ (സിവിൽ)	2	14,276
6.	ഡ്രൈവർ (ഗ്രേഡ് II)	2	9,50
7.	ലൈൻമാൻ (ഗ്രേഡ് II)	8	31,358
8.	മസ്ദൂർ	9	31,695
		44	3,11,389
	കോഴിക്കോട് നിലയം		
	ഓഫീസേഴ്സ്		
1.	പ്രോജക്ട് മാനേജർ	1	12,000

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)
2.	ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ	1	18,000
3.	എക്സിക്യൂട്ടീവ് എഞ്ചിനീയർ	5	60,707
4.	അസിസ്റ്റന്റ് ഫിനാൻസ് ഓഫീസർ	1	13,674
5.	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ	11	1,32,298
6.	അസിസ്റ്റന്റ് എഞ്ചിനീയർ	21	1,77,293
	ആകെ	40	4,13,972
വർക്ക്മെൻ			
1.	സബ് എഞ്ചിനീയർ	13	98,551
2.	സീനിയർ അസിസ്റ്റന്റ്	4	32,556
3.	ഓവർസീയർ	15	1,70,355
4.	ലൈൻമാൻ (ഗ്രേഡ് I)	1	3,982
5.	ഇലക്ട്രിസിറ്റി വർക്കർ	12	23,446
6.	ഓഫീസ് അറ്റന്റന്റ്	1	8,620

LIBRARY ARCHIVES Kerala Legislative Assembly